# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 201

19.06.2012-ൽ മറുപടിക്ക്.

### സീപ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വർദ്ധിച്ചു വരുന്ന ഗതാഗത ക്കുരുക്കുകൾ ഒഴിവാക്കുന്നതിനായി സീപ്ലെയിൻ സർവ്വീസ് ആരംഭിക്കു ന്നതിനുള്ള ബജറ്റ് നിർദ്ദേശത്തിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തിന്റെ വികസനവും, സാമ്പത്തിക പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് സർക്കാരിനുവേണ്ടി, കെ.എസ്.ഐ.ഡി.സി, ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് സീ പ്ലെയിൻ പദ്ധതി. |
| (ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ; | (ബി) ഈ പദ്ധതി സംബന്ധിച്ച ചർച്ചകൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ നടന്നുവരികയാണ്. പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കുവാനുള്ള കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഈ ആവശ്യത്തിനായി ബജറ്റിൽ നീക്കിവെച്ച തുകയിൽ ഇതു വരെ എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ ? | (സി) ഇതിനുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ കെ.എസ്.ഐ.ഡി.സിയ്ക്ക് 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ